# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4994 27.06.2019-ൽ മറുപടിക്ക്

### പോലിസിൽ പട്ടികവർഗ്ഗക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ്

ചോദ്യം

ശ്രീ.വി.ടി.ബൽറാം

(എ) പട്ടികവർഗ്ഗക്കാർക്കായി സമീപകാലത്ത് പോലിസിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടോ;

(ബി) എത്ര തസ്തികകളിലേക്കാണ് ഇതുപ്രകാരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയത് എന്നറിയിക്കാമോ;

(സി) ഇക്കാര്യത്തിൽ കാബിനറ്റ് തീരുമാനം എന്നാണ് ആദ്യമായി എടുത്തത്;

(ഡി) റിക്രൂട്ട്മെന്റ് വിജ്ഞാപനം പി.എസ്.സി. എന്നാണ് പുറത്തിറക്കിയത്;

(ഇ) പട്ടികവർഗ്ഗക്കാർക്കായി കൂടുതൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ നടത്തുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും 17.12.2015-ലെ മന്ത്രിസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16.01.2016 തീയതിയിലെ സ.ഉ.(അ) നം. 13/16/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പോലീസ് വകുപ്പിൽ മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസി യുവതി-യുവാക്കളിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നൽകുന്നതിനായി 75 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നു.

എന്നാൽ 27.06.2016 തീയതിയിലെ സ.ഉ.(കൈ) നം. 183/2016/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഡ്രൈവിനു വേണ്ടി സൃഷ്ടിച്ച തസ്തികകൾ വയനാട് ജില്ല (മുഴുവൻ), പാലക്കാട് (അട്ടപ്പാടി), മലപ്പുറം (നിലമ്പൂർ) എന്നീ പ്രദേശങ്ങൾക്കായി വിഭജിച്ച് നൽകിയും ഇതിൽ ആദിവാസി വിഭാഗത്തിലെ താഴെ തട്ടിലുള്ള പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾക്ക് മുൻഗണന

നൽകുകയും ചെയ്തു. ഇതിനെ തുടർന്നാണ് സംസ്ഥാന പോലീസ് മേധാവി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തത്. തുടർന്ന് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ 29.04.2017 തീയതിയിലെ അസാധാരണ ഗസറ്റ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചു.

റിക്രൂട്ട്മെന്റ് നടപടികൾ തുടങ്ങിയപ്പോൾ മലപ്പുറം ജില്ലയിൽ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ കൂടുതലായി നിവസിക്കുന്നത് കളികാവ്, അരീക്കോട് ബ്ലോക്കുകളിൽ ആണെന്ന് ബോധ്യപ്പെട്ടതിനാൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിനോടൊപ്പം കളികാവ്, അരീക്കോട് ബ്ലോക്കുകളെ കൂടി ഉൾപ്പെടുത്തി 12.07.2017 തീയതിയിലെ സ.ഉ.(കൈ) നം. 150/2017/ആഭ്യന്തരം നമ്പർ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. അട്ടപ്പാടി ബ്ലോക്കിൽ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ കുറവായതിനാൽ ആ ബ്ലോക്കിലെ "most primitive" വിഭാഗത്തെ കൂടി ഉൾപ്പെടുത്തി 20.03.2018 തീയതിയിലെ സ.ഉ.(കൈ) നം. 43/2018/ആഭ്യന്തരം നമ്പർ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് പി.എസ്.സി. റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തീകരിച്ച് 26.03.2018 തീയതിയിൽ നിയമന ശിപാർശ ഉദ്യോഗാർത്ഥികൾക്ക് നൽകി.

പ്രസ്തുത റിക്രൂട്ട്മെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആദിവാസി

വിഭാഗങ്ങളുടെ സാമ്പത്തിക-
സാമൂഹ്യ പിന്നോക്കാവസ്ഥ
കണക്കിലെടുത്ത് അവർ ഒടുക്കേണ്ട
ബോണ്ട് തുകയും ജാമ്യ
വ്യവസ്ഥയും ഒഴിവാക്കി
നൽകുവാൻ 17.05.2018
തീയതിയിലെ സ.ഉ.(കൈ) നം.
88/2018/ആഭ്യന്തരം നമ്പർ
പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി
നിയമനം നൽകുന്നതിനായി 125
പോലീസ് കോൺസ്റ്റബിൾ തസ്തിക
കൂടി സൃഷ്ടിക്കാനുള്ള ശിപാർശ
സംസ്ഥാന പോലീസ്
മേധാവിയിൽ നിന്നും
ലഭ്യമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ പ്രാതിനിധ്യം കുറവ്
നികത്തുന്നതിനായി PSC മുഖേന
നടത്തുന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ
ഉൾപ്പെടുന്നതല്ല ഈ നിയമനം.

**സെക്ഷൻ ഓഫീസർ**